# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഫെബ്രുവരി 2

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ-പുതിയ സ്കീം) പരീക്ഷകൾ ഫെബ്രുവരി 18 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി എട്ടുവരെയും 525 രൂപ പിഴയോടെ ഫെബ്രുവരി ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/175/2021)

## അപേക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്.എസ്. 2017 ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി 18 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 26 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷ ഫീസായി സെമസ്റ്ററിന് 30 രൂപയും സി.വി. ക്യാമ്പ് ഫീസായി പേപ്പറൊന്നിന് 35 രൂപയും (പരമാവധി 210 രൂപ) പരീക്ഷഫീസിന് പുറമെ അടയ്ക്കണം. 2012, 2013 അഡ്മിഷൻ വിദ്യാർഥികൾ സ്പെഷൽ ഫീസായി 5250 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. അഞ്ച് ആറ് സെമസ്റ്റർ (സി.ബി.സി.എസ്.എസ്. - മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് 5250 രൂപ സ്പെഷൽ മേഴ്സി ചാൻസ് ഫീസടച്ചിട്ടുള്ള 2012, 2013 അഡ്മിഷൻ വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. epay.mgu.ac.in എന്ന പോർട്ടലിലൂടെയാണ് ഫീസടയ്ക്കേണ്ടത്. ബി.എ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 4 (പരീക്ഷ)യ്ക്കും ബി.കോം വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 10 (പരീക്ഷ)യ്ക്കുമാണ് അപേക്ഷ നൽകേണ്ടത്.

(പി.ആർ.ഒ/39/176/2021)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഫെബ്രുവരി അഞ്ചിന് രാവിലെ 11 നും വൈകീട്ട് നാലിനുമിടയിൽ ഫോട്ടോ പതിച്ച അസൽ തിരിച്ചറിയൽ രേഖകളുമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സർവകലാശാല അസംബ്ലിഹാളിൽ എത്തണം.

(പി.ആർ.ഒ/39/177/2021)

## മൂക് ഓൺലൈൻ പരിശീലനം

മഹാത്മാഗാന്ധി സർവകലാശാലയിൽ മൂക് ഓർഗാനിക് ഫാമിംഗ് കോഴ്സുമായി ബന്ധപ്പെട്ട് ആദ്യബാച്ച് കോ-ഓർഡിനേറ്റർമാർക്കുള്ള ഓൺലൈൻ പരിശീലനം ഫെബ്രുവരി നാലിന് രാവിലെ 10 മുതൽ നടക്കും. പങ്കെടുക്കേണ്ടവരുടെ വിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/178/2021)

## പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16നകം സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/179/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/180/2021)

## അനുശോചനയോഗം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അധ്യാപകൻ ഡോ. കെ. പയസ്, പരീക്ഷ വിഭാഗം ജീവനക്കാരൻ പി. ജയചന്ദ്രൻ എന്നിവരുടെ നിര്യാണത്തിൽ സർവകലാശാല അനുശോചനം രേഖപ്പെടുത്തി. ഭരണവിഭാഗം ചത്വരത്തിൽ നടന്ന യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ബി. പ്രകാശ് കുമാർ അനുശോചന പ്രമേയം അവതരിപ്പിച്ചു. പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, പരീക്ഷ കൺട്രോളർ ഡോ. സി.എം. ശ്രീജിത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, അധ്യാപക സംഘടന പ്രതിനിധികളായ ഡോ. പി.ആർ. ബിജു, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ജീവനക്കാരുടെ സംഘടന പ്രതിനിധികളായ ജെ. ലേഖ, ഡി. പ്രകാശ്, വി.കെ. അനന്തകൃഷ്ണൻ, കെ.ജി. ഷാജി, വിദ്യാർഥി റിച്ച റോയി എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/181/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ